**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : **1988**

**13.06.2019 ൽ മറുപടിയ്ക്ക്**

# <u>കരുനാഗപ്പള്ളി പോലീസ് ക്വാർട്ടേഴ്സ്</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനോട് ചേർന്ന് എത്ര ക്വാർട്ടേഴ്സുകളാണ് ഉള്ളത്; ഇവിടെ താമസയോഗ്യമായ ക്വാർട്ടേഴ്സുണ്ടോ; വിശദീകരിക്കുമോ; | (എ) ആകെ 23 ക്വാർട്ടേഴ്സുകളാണ് ഉള്ളത്. അതിൽ താമസയോഗ്യമായ രണ്ട് ക്വാർട്ടേഴ്സാണുള്ളത്. |
| (ബി) പൂർണ്ണമായും തകർന്ന ക്വാർട്ടേഴ്സുകൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) താമസ യോഗ്യമല്ലാത്തതും അറ്റകുറ്റപ്പണി നടത്താൻ സാധിക്കാത്തതുമായ ക്വാർട്ടേഴ്സുകൾ പൊളിച്ച് മാറ്റുന്നതിലേക്ക് പരിശോധന നടത്തി എസ്റ്റിമേറ്റ് വില കണക്കാക്കുന്നതിന് പി.ഡബ്ല്യൂ.ഡി അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) ക്വാർട്ടേഴ്സ് പ്രദേശത്ത് വളർന്നു നിൽക്കുന്ന പാഴ് വൃക്ഷങ്ങളും ചെടികളും നീക്കം ചെയ്ത് ഈ പ്രദേശം ഉപയോഗപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ;<br>(ഡി) ഇവിടെ ഫ്ലാറ്റ് മാതൃകയിലുള്ള ക്വാർട്ടേഴ്സ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) യും (ഡി) യും പദ്ധതി പരിഗണനയിലാണ്. ആധുനികവും നവീന രീതിയിലുമുള്ള പോലീസ് സ്റ്റേഷൻ, അസി.കമ്മീഷണറുടെ കാര്യാലയം എന്നിവയും മിച്ചം വരുന്ന സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് ഫ്ലാറ്റ് മാതൃകയിൽ ക്വാർട്ടേഴ്സ് സ്ഥാപിക്കുന്നതിനുള്ള നടപടികളും പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ